# ഉയരങ്ങളിൽ ഇവർക്ക് സന്തോഷം

**Youth Tube**
Colours of youth

**ഐസൺ**

● ചില്ലിട്ട മുറിയിലെ തണുപ്പൻ സെറ്റപ്പിൽ കറങ്ങുന്ന കസേരയിലിരുന്ന് കംപ്യൂട്ടറിൽ കണ്ണും നട്ട് റിലാക്സ് ആയി ചെയ്യുന്ന ജോലികളെക്കാൾ ആവേശത്തോടെയാണ് ഒരുകൂട്ടം ചെറുപ്പക്കാർ വളരെ ഉയരത്തിലിരുന്ന് പതിനായിരങ്ങൾ സമ്പാദിക്കുന്നത്. മെക്കാളെ സായിപ്പിന്റെ വെള്ളക്കോളർ ഭ്രാന്തിനു കീഴ്പെടാതെ അവർ നെഞ്ചോടു ചേർത്തത് നമ്മുടെ കൽപ്പവൃക്ഷത്തെയാണ്. തെങ്ങുകയറാൻ പരമ്പരാഗത തൊഴിലാളികൾക്കു മടിയായപ്പോൾ സംഗതി യുവത്വം ഏറ്റെടുക്കുകയായിരുന്നു. കാലിൽ തളപ്പിനു പകരം യന്ത്രക്കൈകളുടെ സഹായം തേടിയപ്പോൾ തെങ്ങുകളുടെ ഉയരം കുറഞ്ഞു. കായിക ആയാസത്തെ ആസ്വാദനമാക്കിയപ്പോൾ അവർക്കു തൊഴിൽ രസകരമായി. തൊഴിലാളികളുടെ കുറവും കൂടിയായപ്പോൾ ദിവസം 1500-2000 രൂപ പ്രതിഫലം ലഭിക്കുന്നു. ചുരുക്കത്തിൽ പ്രൊഫഷനൽ യുവാക്കളുടെ കീശയിൽ വീഴുന്നതിനേക്കാൾ കൂടുതൽ തുക മാസം കയ്യിൽ കിട്ടും. വെള്ളക്കോളർ അല്ലാത്തതു കൊണ്ടു തന്നെ തൊഴിൽജന്യ രോഗങ്ങളും ഹൈപ്പർ ടെൻഷനുമൊക്കെ ഇവരുമായയി സൗഹൃദം സ്ഥാപിച്ചിട്ടുമില്ല.

തെങ്ങയിടാൻ ആളെക്കിട്ടാതെ വന്നപ്പോളാണ് പാണാവള്ളി പഞ്ചായത്ത് ഓടംപള്ളി സ്വദേശികളായ യുവാക്കളുടെ കണ്ണുകൾ തെങ്ങിനു മുകളിലേക്ക് നീണ്ടത്. എന്തുകൊണ്ട് തെങ്ങിൽ കയറുന്ന വിദ്യ നമുക്കും പഠിച്ചുകൂടെന്നൊരു ചോദ്യം പരസ്പരം ഉയർന്നു. ആരു പഠിപ്പിക്കും എന്നതായിരുന്നു അടുത്ത പ്രശ്നം. അപ്പോളാണ് കായംകുളം സിപിസിആർഐയിൽ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിൽ പരിശീലനം നൽകുന്നുണ്ടെന്ന വിവരം അറിഞ്ഞത്.

അവിടെ പരിശീലനം തുടങ്ങിയ അവർ തിരിച്ചെത്തിയത് ഏതു തെങ്ങും കയറാമെന്ന ആത്മവിശ്വാസത്തോടെയാണ്. ഇവരുടെ പ്രചോദനത്തിൽ നാട്ടിലെ മറ്റൊരു സംഘവും പരിശീലനം നേടാൻ ഉറച്ചു. ഇക്കുറി പരിശീലനം കലവൂരിലുള്ള സോഷ്യോ ഇക്കോണമിക് റിസർച്ച് സെന്ററിൽ ആയിരുന്നെന്ന് മാത്രം. ഇതുവരെ നാല് ബാച്ച് പരിശീലനം നേടിക്കഴിഞ്ഞു. ഇപ്പോൾ നാട്ടിൽ ഇരുപതോളം യുവാക്കൾ തെങ്ങുകയറ്റം തൊഴിലായി കണ്ട് അന്തസോടെ ജീവിക്കുന്നു.

മരുന്നു തളിക്കൽ, കൂമ്പു തെളിക്കൽ തുടങ്ങി തെങ്ങുമായി ബന്ധപ്പെട്ട എല്ലാ ജോലികളിലും ഇവർ പ്രാവീണ്യം നേടിക്കഴിഞ്ഞു. പലരും ഡ്രൈവിങ്, മേസ്തിരിപ്പണി തുടങ്ങിയ തൊഴിലുകളും ചെയ്യുന്നവരാണ്. സ്വകാര്യസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും സംഘാംഗങ്ങളാണ്. രാവിലെ ആറു മുതൽ ഒരു മണി വരെയാണ് പ്രവർത്തന സമയം. ചേർത്തലയും പരിസര പ്രദേശങ്ങളുമാണ് സേവന മേഖല. സംഘാംഗങ്ങളിൽ ആരുടെയെങ്കിലും മൊബൈലിലേക്ക് വിളിച്ചാൽ മതി ഇവർ ബൈക്കിൽ സ്പോട്ടിലെത്തും. തെങ്ങുകളുടെ എണ്ണം കൂടുതലുണ്ടെങ്കിൽ മറ്റു സ്ഥലങ്ങളിലെത്തി തേങ്ങ ഇടാനും ഇവർ തയാറാണ്. തെങ്ങുകളുടെ എണ്ണം കൂടുതലുണ്ടെങ്കിൽ കൂലിയിനത്തിൽ ഇവരുടെ വക ഡിസ്കൗണ്ടുമുണ്ട്. നാട്ടിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടമെന്നാണ് ഇവർ അറിയപ്പെടുന്നത്. ഇവരുടെ ഫോൺ: 9447759697.


തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അംഗങ്ങളിൽ ചിലർ യന്ത്രങ്ങളുമായി തോട്ടത്തിൽ.


തലവടി നടവിലെ മുറി മുരുകഭവനിൽ ശ്രീകാന്ത് യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറുന്നു.

എടത്വ തലവടി നടുവിലെമുറി മുരുകഭവനിൽ ശ്രീകാന്തിന്റെ കഥയും മറ്റൊന്നല്ല. കാർഷിക വിജ്ഞാന കേന്ദ്രത്തിൽ നിന്നും തെങ്ങുകയറ്റ യന്ത്രം വാങ്ങിയ ശ്രീകാന്ത് പറവൂർ കാർഷിക വിജ്ഞാന കേന്ദ്രത്തിൽ നിന്നാണ് തെങ്ങുകയറ്റത്തിൽ പരിശീലനം നേടിയത്. ശ്രീകാന്ത് ഈ തൊഴിൽ തിരഞ്ഞെടുത്തതോടെ നാട്ടിലെ തേങ്ങയിടൽ ക്ഷാമം കുറഞ്ഞെന്ന് നാട്ടുകാർ പറയുന്നു.

ഫോണിൽ വിളിച്ചാൽ ശ്രീകാന്തും യന്ത്രവും ബൈക്കിലേറി പറയുന്ന സ്ഥലത്തെത്തും. ജോലി ആരംഭിച്ചാൽ നിശ്ചിത സമയമില്ല. ദിവസം 1500 രൂപ വരെ വരുമാനമായി ലഭിക്കും. ഒപ്പം വീട്ടിലേക്കുള്ള നാളികേരവും. ശ്രീകാന്തിന്റെ ഫോൺ: 8281306002.

വീട്ടുകാരുടെയും സുഹൃത്തുക്കളുടെയും എതിർപ്പുകൾ അവഗണിച്ചാണ് പാരമ്പര്യ തൊഴിലാളികൾ കൈവിട്ട തൊഴിൽ ഇവർ തിരഞ്ഞെടുത്തത്. പ്രത്യേക ഇൻഷുറൻസ് പരിരക്ഷ നൽകണമെന്നാണ് ഇവരുടെ ആവശ്യം. കൃഷിവകുപ്പും നാളികേര ബോർഡും തെങ്ങുകയറ്റം പ്രോൽസാഹിപ്പിക്കാൻ ലക്ഷങ്ങൾ ചെലവിട്ട് പരിശീലനം നടത്തുന്നതു കൊണ്ട് വേണ്ടത്ര ഗുണം ലഭിക്കുന്നില്ലെന്നാണ് ഇവരുടെ അഭിപ്രായം.

ഇപ്പോഴും യുവാക്കൾ ഇത്തരത്തിലുള്ള തൊഴിലുകൾ തിരഞ്ഞെടുക്കാൻ തയാറാകാത്തതാണ് കാരണം. സ്വയം മുന്നോട്ടു വന്നെങ്കിൽ മാത്രമേ ഈ അവസ്ഥയ്ക്കു മാറ്റം വരൂ. താൽപര്യമുള്ള യുവാക്കളെ പരിശീലിപ്പിക്കാനും ഇവർ തയാറാണ്. സംഗതി പഠിച്ചെടുക്കുന്നതു നല്ലതാണ്, സ്വന്തം തൊടിയിലെ തെങ്ങിൽ കയറാനെങ്കിലും മറ്റുള്ളവരുടെ സഹായം തേടേണ്ടല്ലോ.